# പ. മാത്യൂസ് ദ്വിതീയൻ ബാവാ മെമ്മോറിയൽ ട്രോഫി നോയിഡ ഇടവകയ്ക്ക്

സരിത വിഹാർ: മലങ്കര ഓർത്തഡോക്സ് സഭയുടെ കാതോലിക്കാബാവായും മലങ്കര മെത്രാപ്പോലീത്തായുമായിരുന്ന കാലം ചെയ്ത പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ സ്മരണാർത്ഥം സരിത വിഹാർ സെൻറ് തോമസ് ഓർത്തഡോക്സ് ഇടവക ഏർപ്പെടുത്തിയിട്ടുള്ള പരിശുദ്ധ മാത്യൂസ് ദ്വിതീയൻ ബാവാ മെമ്മോറിയൽ എവറോളിംഗ് ട്രോഫികൾക്കായുള്ള ഒൻപതാമത് ക്വിസ് മത്സരത്തിൽ നോയിഡ മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയിൽ നിന്നുള്ള ശ്രീമതി ആനി വർഗീസ്, ശ്രീമതി ഓമന മാത്യൂ എന്നിവർ ഒന്നാം സ്ഥാനം കരസ്ഥമാക്കി. സരിതവിഹാർ സെൻറ് തോമസ് ഓർത്തഡോക്സ് ഇടവകയിൽ നിന്നുള്ള ശ്രീ. നൈനാൻ ലൂക്കോസ്, ശ്രീമതി വിൽസി വിൽസൺ എന്നിവർ രണ്ടാം സ്ഥാനവും ജനക്പുരി മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവകയിൽ നിന്നുള്ള ശ്രീ.സക്കറിയ ചാക്കോ, ശ്രീമതി ഏലിയാമ്മാ ജയിംസ് എന്നിവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ശ്രീമതി. ജീനാ അന്നാ അനിൽ ക്വിസ് മത്സരത്തിന് നേതൃത്വം നല്കി. ഹോസ്ഖാസ്, തുഗ്ളക്കാബാദ്, ഗുഡ്ഗാവ്, ഗാസിയാബാദ്, മയൂർവിഹാർ ഫേസ് വൺ എന്നി ഇടവകകളിൽ നിന്നുള്ള പ്രതിനിധികൾ മത്സരത്തിൽ സംബന്ധിച്ചിരുന്നു മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും സർട്ടിഫിക്കറ്റുകളും വിജയികൾക്ക് വ്യക്തിഗത ട്രോഫികളും നല്കി..

തുടർന്ന് നടന്ന അനുസ്മരണ സമ്മേളനത്തിൽ മുൻ കേന്ദ്രമന്ത്രിയും എം. പിയുമായ ശ്രീ. ഓസ്കാർ ഫെർണാണ്ടസ് മുഖ്യാതിഥിയായി പങ്കെടുത്തു സമ്മാനദാനം നിർവഹിച്ചു. ഡൽഹി ഭദ്രാസന സെക്രട്ടറി വന്ദ്യ എം. എസ്. സക്കറിയാ റമ്പാൻ അധ്യക്ഷത വഹിച്ച യോഗത്തിൽ ഡൽഹി ന്യൂനപക്ഷ കമ്മീഷനംഗം അഡ്വ. എബ്രഹാം എം. പറ്റിയാനി അനുസ്മരണപ്രഭാഷണം നടത്തി. ഫാ. ജോൺസൺ ഐപ്പ്, ഫാ. സജി എബ്രഹാം, ഫാ. എബ്രഹാം ജോൺ, അഡ്വ. റോബിൻ രാജു, ശ്രീ. പി. ഡി. പൂന്നൂസ്, ശ്രീ. തോമസ് കെ. എ. എന്നിവർ പ്രസംഗിച്ചു.

ഇടവക ദിനാഘോഷത്തിനോടനുബന്ധിച്ച് നടത്തപ്പെട്ട സംയുക്ത പ്രാർത്ഥനാ യോഗത്തിൽ ശ്രീമതി അനു മാത്യൂ ക്ലാസ്സ് നയിച്ചു. തുടർന്ന് നടന്ന ഗായകസംഘ മത്സരത്തിൽ കൽക്കാജി സെൻറ് തോമസ് പ്രാർത്ഥനായോഗം ഒന്നാം സ്ഥാനവും പ്രഹ്ലാദ്പൂർ സെൻറ് കുറിയാക്കോസ് പ്രാർത്ഥനായോഗം രണ്ടാം സ്ഥാനവും ഗോവിദ്പുരി സെൻറ് ദിവന്നാസിയോസ് പ്രാർത്ഥനയോഗം മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

ഫോട്ടോ: പരിശുദ്ധ മാത്യൂസ് ദ്വിതീയൻ ബാവാ അനുസ്മരണസമ്മേളനത്തിൽ ഫാ. എബ്രഹാം ജോൺ, അഡ്വ. റോബിൻ രാജു, ഫാ. സജി എബ്രഹാം, അഡ്വ. എബ്രഹാം എം. പറ്റിയാനി, ശ്രീ. ഓസ്കാർ ഫെർണാണ്ടസ് എം. പി, എം. എസ്.സക്കറിയാ റമ്പാൻ, ഫാ. ജോൺസൺ ഐപ്പ് എന്നിവർ.